**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1170** **02-02-2026 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. നജീബ് കാന്തപുരം | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) |

(എ) പുനർഗേഹം പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എ) പുനർഗേഹം പദ്ധതി പ്രകാരം ഇതുവരെ 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4568 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3952 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2782 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച ഗുണഭോക്താക്കൾ | ആദ്യ ഗഡു ഭവന നിർമ്മാണ ധന സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ | 1 ഉം 2 ഉം ഗഡു ഭവന നിർമ്മാണ ധന സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ | ഭവന നിർമ്മാണ ധന സഹായം പൂർണ്ണമായും അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1242 | 956 | 860 | 775 |
| കൊല്ലം | 396 | 379 | 366 | 348 |
| ആലപ്പുഴ | 771 | 763 | 649 | 601 |
| എറണാകുളം | 98 | 96 | 96 | 91 |
| തൃശ്ശൂർ | 389 | 364 | 349 | 304 |
| മലപ്പുറം | 402 | 352 | 320 | 295 |
| കോഴിക്കോട് | 156 | 145 | 136 | 133 |
| കണ്ണൂർ | 190 | 172 | 152 | 133 |
| കാസർഗോഡ് | 308 | 248 | 202 | 102 |
| ആകെ | 3952 | 3475 | 3130 | 2782 |

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) , ഉണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ**

| ജില്ല | ഫ്ലാറ്റ് | എണ്ണം |
|---|---|---|
| തിരുവനന്തപുരം | കാരോട് | 128 |
| | ബീമാപള്ളി | 20 |
| | മുട്ടത്തറ | 332 |
| കൊല്ലം | QSS കോളനി | 114 |
| മലപ്പുറം | പൊന്നാനി | 128 |
| | ഉണ്യാൽ | 16 |
| | ആകെ | 738 |

ഇപ്രകാരം 3520 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ടു.

പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

<table>
<tr><td></td><td></td><td></td><td>
1170 ഗുണഭോക്താക്കൾ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലുമാണ്. ഇപ്രകാരം പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ട 3520 കുടുംബങ്ങൾ ഉൾപ്പെടെ 5478 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്.
<u>പുനർഗേഹം</u>
<table>
<tr><td>1</td><td>വ്യക്തിഗത ഭവന നിർമ്മാണം പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ</td><td>2782</td></tr>
<tr><td>2</td><td>ഫ്ലാറ്റുകൾ പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ</td><td>738</td></tr>
<tr><td>3</td><td>വ്യക്തിഗത ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലുള്ളവർ</td><td>1170</td></tr>
<tr><td>4</td><td>നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകൾ</td><td>788</td></tr>
<tr><td>5</td><td>ഇപ്രകാരം ആകെ പുനരധിവാസം ഉറപ്പാക്കിയ കുടുംബങ്ങൾ (1+2+3+4)</td><td>5478</td></tr>
</table>
പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നു.
പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.
പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 243.41 കോടി രൂപയും ഉൾപ്പെടെ 493.41 കോടി രൂപ അനുവദിക്കുകയും 469.88 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
</td></tr>
<tr><td>(ബി)</td><td>കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങളിൽ ടെട്രാപോഡ് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;</td><td>(ബി)</td><td>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ (തലായി) കാസർഗോഡ് (മഞ്ചേശ്വരം ), തൃശ്ശൂർ (ചേറ്റുവ), കൊല്ലം (കൊല്ലം - താന്നി) ജില്ലകളിൽ കരിങ്കല്ല് ഉപയോഗിച്ച് ഗ്രോയിൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൊല്ലം-താന്നിയിൽ നിർമ്മാണം പൂർത്തിയാക്കിയ 7 ഗ്രോയിനുകൾക്ക് ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തി നടന്നുവരുന്നു. ടി ഭാഗത്തുള്ള മറ്റ് 8 ഗ്രോയിനുകൾക്ക് ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ കരിങ്കല്ല് ഉപയോഗിച്ച് ഗ്രോയിൻ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ മുതലപ്പൊഴിയിൽ രണ്ടാംഘട്ടമായി നിലവിലെ ഗ്രോയിനുകൾക്ക് ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>2025 -2026 സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 2025 ഡിസംബർ മാസം വരെ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകളിൽ നിന്ന് മണ്ണെണ്ണ വാങ്ങിയ പെർമിറ്റ് ഉടമകൾക്ക്, വാങ്ങിയ മണ്ണെണ്ണയ്ക്ക് അനുസൃതമായ സബ്സിഡി ഡി.ബി.റ്റി മുഖേന നല്കിയിട്ടുണ്ട്. 2026 ജനുവരി മാസം മത്സ്യഫെഡിന്റെ ബങ്കുകളിൽ നിന്നും മണ്ണെണ്ണ വാങ്ങിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് മത്സ്യഫെഡ് ലഭ്യമാക്കുന്ന മുറയ്ക്ക് അതത് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതാണ്. ഈ ഇനത്തിൽ കുടിശ്ശിക ഇല്ല.</td></tr>
<tr><td>(ഡി)</td><td>ആഴക്കടൽ മത്സ്യബന്ധനത്തിന് തദ്ദേശീയ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>
പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് മാറ്റി അവരുടെ വരുമാനവും സാമൂഹ്യ–സാമ്പത്തിക നിലയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പി.എം.എം.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി, യൂണിറ്റ് വില 1.50 കോടി രൂപയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (ആകെ 15 കോടി) 10 പേർ വീതമുള്ള മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകി വരുന്നു.
കൂടാതെ 2023–24ൽ, യൂണിറ്റ് വില 1.20 കോടി രൂപയുള്ള 10 ബോട്ടുകൾ (ആകെ 12 കോടി) വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്കും ഗ്രൂപ്പുകൾക്കും നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയിൽ 40% സബ്സിഡി (48 ലക്ഷം) കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ചേർന്ന് നൽകും; ശേഷിക്കുന്ന 72 ലക്ഷം ഗുണഭോക്തൃ വിഹിതമാണ്. എംപാനൽ ചെയ്ത യാനനിർമ്മാണശാലകളിൽ ബോട്ടുകൾ നിർമ്മിക്കാൻ ഗുണഭോക്താക്കൾക്ക് അവസരമുണ്ട്.
ഇതോടൊപ്പം, ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി 75% സബ്സിഡിയോടെ 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആവശ്യമായ ചൂണ്ടകളും നൂലും വിതരണം ചെയ്തിട്ടുണ്ട്. തെരെഞ്ഞെടുത്ത ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ആഴക്കടൽ മത്സ്യബന്ധന പരിശീലനവും നൽകിവരുന്നു.
</td></tr>
</table>

സെക്ഷൻ ഓഫീസർ